**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2436** **12-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. സംസ്ഥാനത്തിനുണ്ടാക്കിയ വരുമാന നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതുമുതൽ സംസ്ഥാനത്തിനുണ്ടായ വരുമാനനഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പ്രകാരം 2015-16 ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കാക്കിയുള്ള നികുതി വരുമാന ലക്ഷ്യം (protected revenue) കൈവരിക്കാൻ സാധിച്ചിട്ടില്ല. Protected revenue-ൽ നിന്നും, 2017 – 18-ൽ 2159.32 കോടിയും, 2018 – 19-ൽ 3557.79 കോടിയും 2019-20-ൽ 8099.60 കോടിയും 2020-21-ൽ 2144.85 കോടിയും 2021-22 ആഗസ്റ്റ് 21 വരെ 7044.11 കോടിയുടെയും കുറവ് വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത വരുമാനനഷ്ടം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി, ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുക നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്. ജി.എസ്.ടി നടപ്പിലാക്കിയതുവഴി ഉണ്ടാകുന്ന നഷ്ടത്തിന് നൽകുന്ന നഷ്ടപരിഹാരത്തിന്റെ കാലാവധി 2022 ജൂൺ 30-ന് അവസാനിക്കും. ഈ പ്രതിസന്ധി പരിഹരിക്കാനായി നഷ്ടപരിഹാര കാലാവധി ദീർഘിപ്പിക്കണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. 2017 – 18, 2018 – 19 ,2019 -20,2020-21 & 2021-22 (Aug 21) സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുകയുടേയും ലഭിക്കേണ്ടിയിരുന്ന തുകയുടേയും വിവരം അനുബന്ധം (എ) ആയി ചേർക്കുന്നു. |
| (സി) | ജി.എസ്.ടി. ഏർപ്പെടുത്തിയതുമൂലം ജനങ്ങൾക്ക് ഉണ്ടായ ഗുണഫലങ്ങൾ എന്തൊക്കെയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ജി.എസ്.ടി നടപ്പിലാകുന്നതോടുകൂടി സംസ്ഥാനാന്തര വ്യാപാരത്തിൻമേലുള്ള നിയന്ത്രണങ്ങൾ നീക്കംചെയ്യപ്പെട്ടു. കേന്ദ്രവും |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളും ചുമത്തിയിരുന്ന വ്യത്യസ്ത നികുതികളും സെസ്സുകളും ഏകീകരിക്കപ്പെട്ടു. രാജ്യം ഒരു ഏകീകൃത കമ്പോളമായി. നികുതിക്കുമേൽ നികുതിയെന്നുള്ളത് പൂർണ്ണമായും ഇല്ലാതായി. അതുകൊണ്ട് ഓരോ ചരക്കിന്റെയും സേവനത്തിന്റെയും മേലുള്ള നികുതിഭാരത്തിൽ ഉണ്ടായ പ്രായോഗിക കുറവും, സംസ്ഥാനങ്ങൾക്കുണ്ടായ നേട്ട, കോട്ടങ്ങളും സംബന്ധിച്ച് വിശദമായ പഠനം നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (എ)

2017 – 18, 2018 – 19, 2019 -20, 2020-21 & 2021-22 (Aug 21) സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുകയുടേയും ലഭിക്കേണ്ടിയിരുന്ന തുകയുടേയും വിവരം

| Year | Protected Revenue (Cr.) (2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ) | Total Revenue (Cr.) (SGST/IGST Settlement/ VAT) | Ad-hoc settlement (Cr.) | Recovery | Devolution from 17-18 | Compensation Receivable (Cr.) | Compensation Received (Cr.) | Balance Compensation Receivable (Cr.) |
|---|---|---|---|---|---|---|---|---|
| 2017 – 18 | 16398 | 13502.68 | 736 | 0.00 | 0.00 | **2159.32** | **2102.00** | 57.32 |
| 2018 – 19 | 24924 | 18631.85 | 2734.36 | 0.00 | 0.00 | **3557.79** | **3532.00** | 25.79 |
| 2019 – 20 | 28416 | 19622.88 | 693.52 | 0.00 | 0.00 | **8099.60** | **8111.00** | -11.40 |
| 2020 -21 | 32400 | 17962.40 | 1596.11 | -146.36 | 843.00 | **12144.85** | **10671.51** | 1473.34 |
| 2021 -22 | 15390 | 7842.27 | 503.62 | 0.00 | 0.00 | **7044.11** | **4122.27** | 2921.84 |

സെക്ഷൻ ഓഫീസർ